പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6105 — 07.11.2016 ലെ മറുപടിയ്ക്ക്

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

**എ)** കാർഷിക കടാശ്വാസ കമ്മീഷൻ ഓരോ വർഷവും പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ;

**(എ)** കാർഷിക കടാശ്വാസ കമ്മീഷൻ ഓരോ വർഷവും പ്രഖ്യാപിച്ച കടാശ്വാസത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തീർപ്പാക്കിയ അപേക്ഷകൾ | ഗുണഭോക്താക്കൾ | ശിപാർശ ചെയ്ത കടാശ്വാസ തുക |
|---|---|---|---|---|
| 1 | 2007-08 | 5421 | 4139 | 158889555 |
| 2 | 2008-09 | 37730 | 38976 | 238872711 |
| 3 | 2009-10 | 68607 | 15654 | 242026927 |
| 4 | 2010-11 | 59649 | 15255 | 257130064 |
| 5 | 2011-12 | 97297 | 9604 | 240283380 |
| 6 | 2012-13 | 64992 | 13032 | 257303450 |
| 7 | 2013-14 | 30041 | 13946 | 261776825 |
| 8 | 2014-15 | 23837 | 7905 | 186003254 |
| 9 | 2015-16 | 19008 | 5207 | 134066194 |

**(ബി)** പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

**(ബി)** 18.01.2007 ന് മുൻപായി സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിരുന്ന കർഷകരുടെ കടങ്ങളിൽ (കച്ചവട വായ്പകൾ ഒഴികെ) കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസ ശിപാർശ നടത്തി വരുന്നു. വയനാട് ജില്ലയെ കാർഷിക പ്രതിസന്ധി ബാധിച്ച ജില്ലയായി 2011 ഡിസംബറിൽ പ്രഖ്യാപിച്ച

സാഹചര്യത്തിൽ ഈ ജില്ലയ്ക്ക് മാത്രമായി 2011 ഒക്ടോബർ മാസം 31ാം തീയതി വരെയുള്ള കാർഷിക കടങ്ങൾ കടാശ്വാസത്തിന് പരിഗണിക്കുവാൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കടാശ്വാസ ശിപാർശ നടത്തുകയും ഒരു കർഷകന് 50,000/- രൂപ വരെയുള്ള കുടിശ്ശിക തുകയ്ക്ക് 75% വരെ കടാശ്വാസവും 50,000/- രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക തുകയ്ക്ക് 50% വരെ കടാശ്വാസവും പരമാവധി ഒരു ലക്ഷം രൂപ വരെ കടാശ്വാസത്തിനായി ശിപാർശ നൽകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ